10715
16/10/14

**കേരള സർക്കാർ**

**സംഗ്രഹം**

പിന്നോക്ക സമുദായ വികസനം- പ്രീമെട്രിക് സ്കോളർഷിപ്പ് വിതരണം - മാനദണ്ഡങ്ങൾ - ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================

**പിന്നോക്ക സമുദായ വികസന (എ) വകുപ്പ്**

സ.ഉ. (സാധാ)നം. 90/2014/പി.സ.വി.വ. തീയതി, തിരുവനന്തപുരം, 10/10/2014.

==========================================================

പരാമർശം : - 1. സ.ഉ(സാധാ) നം.1616/2012/പിസവിവ തീയതി 18.12.2012
2. സ.ഉ (സാധാ)നം.22/2013/പിസവിവ തീയതി 23.02.2013.

**ഉത്തരവ്**

പ്രീ-മെട്രിക് സ്കോളർഷിപ്പിനുള്ള അർഹതാ മാനദണ്ഡങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ട് പരാമർശം(1) ലൂടെ സർക്കാർ പുറപ്പെടുവിച്ച ഉത്തരവിലെ 11-ാം നിബന്ധന പരാമർശം(2) ലൂടെ ഭേദഗതി ചെയ്തിരുന്നു.

2. എന്നാൽ മേൽപ്പറഞ്ഞ 11-ാം നമ്പർ നിബന്ധന താഴെപ്പറയും പ്രകാരം വീണ്ടും ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

"കേന്ദ്ര ഗവൺമെന്റ് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പ്രകാരം ഒരു വിദ്യാർത്ഥിക്ക് ഒന്നിൽ കൂടുതൽ സ്കോളർഷിപ്പുകൾ ലഭിക്കാൻ അർഹതയില്ലാത്തതിനാൽ പ്രീമെട്രിക് സ്കോളർഷിപ്പിന് അപേക്ഷിക്കുന്ന പിന്നോക്ക വിഭാഗക്കാരായ ന്യൂനപക്ഷ വിദ്യാർത്ഥികളും ഒ.ഇ.സി വിദ്യാർത്ഥികളും മറ്റ് വകുപ്പുകളിൽ നിന്ന് അനുവദിക്കുന്ന സ്കോളർഷിപ്പ് വാങ്ങുന്നില്ലെന്ന് സത്യവാങ്മൂലം നൽകേണ്ടതും, ബന്ധപ്പെട്ട വിദ്യാഭ്യാസ സ്ഥാപനമേധാവിയും പിന്നോക്ക വിഭാഗവികസന വകുപ്പും അക്കാര്യം ഉറപ്പുവരുത്തേണ്ടതുമാണ് ."

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,
**എൻ. ജയ് സുഖ് ലാൽ**
ഗവൺമെന്റ് ഡെപ്യൂട്ടി സെക്രട്ടറി.

ഡയറക്ടർ,പിന്നോക്ക സമുദായ വികസന വകുപ്പ്, അയ്യങ്കാളി ഭവൻ, കനകനഗർ, വെള്ളയമ്പലം, തിരുവനന്തപുരം.
ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, അയ്യങ്കാളി ഭവൻ, കനകനഗർ, വെള്ളയമ്പലം, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ &ഇ) കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരളം, തിരുവനന്തപുരം.
പൊതുഭരണ (ന്യൂനപക്ഷ ക്ഷേമ) വകുപ്പ്.
പൊതുവിദ്യാഭ്യാസ വകുപ്പ്.
പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്,
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്, ഗവൺമെന്റ് സെക്രട്ടേറിയറ്റ്.
ഡയറക്ടർ, വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കാനായി)
കരുതൽഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ